compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 ഒക്ടോബർ 01
Tuesday, 01st October 2024

1200 കന്നി 15
15th Kanni 1200

1946 ആശ്വിനം 9
9th Aswina 1946

വാല്യം 13
Vol. XIII

നമ്പർ **40**
No.

Part III

Industries and Commerce

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ : ദിനേശ്, ആർ.)

(1)

നമ്പർ DICMPM/2015/2019-CM I. 2024 സെപ്റ്റംബർ 19.

വിഷയം:—വ്യവസായം—സഹകരണം—എടക്കര പഞ്ചായത്ത് വനിതാ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (M) 117, എടക്കര പി. ഒ.—സംഘം സമാപ്തീകരണത്തിന് ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—18-3-2024-ലെ JCI(HQ)1-Edkra 65 Eqry/2023 നമ്പർ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)1-ന്റെ വകുപ്പ് 65 അന്വേഷണ റിപ്പോർട്ട്.

വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ 25-5-1999-ൽ രജിസ്റ്റർ ചെയ്ത് 7-6-1999-ൽ പ്രവർത്തനം ആരംഭിക്കുകയും നിലവിൽ ദീർഘനാളായി പ്രവർത്തന രഹിതവുമായ എടക്കര പഞ്ചായത്ത് വനിതാ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (M) 117, എടക്കര പി. ഒ. എന്ന സംഘത്തിന്റെ പുനഃരുദ്ധാരണ സാദ്ധ്യതകൾ വിലയിരുത്താനായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി പരാമർശം പ്രകാരം റിപ്പോർട്ട് ലഭ്യമായിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ മേൽപറഞ്ഞ സംഘം സമാപ്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥനായ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)1 ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ എടക്കര പഞ്ചായത്ത് വനിതാ പ്രിന്റിംഗ് വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ SIND (M) 117, എടക്കര പി. ഒ. എന്ന സംഘത്തിന്റെ പുനഃരുദ്ധാരണ സാധ്യത നിലനിൽക്കുന്നില്ല എന്ന കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ സംഘം 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (2) പ്രകാരം സമാപ്തീകരിക്കുന്നതിനായി (Liquidation) ഇതിനാൽ ഉത്തരവാകുന്നു.

സംഘം സമാപ്തീകരണവുമായി ബന്ധപ്പെട്ട് ജൂനിയർ സഹകരണ ഇൻസ്പെക്ടർ HQ-I ശ്രീമതി സറീന, കെ. സി.-യെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

സംഘം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തികളും ബാദ്ധ്യതകളും റിക്കാർഡുകളും ഉടനടി കൈപ്പറ്റി ചുമതല ഏറ്റെടുക്കേണ്ടതും ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. കൂടാതെ സംഘം സമാപ്തീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. ഈ ഉത്തരവിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷ കാലയളവായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2)

നമ്പർ DICMPM/2067/2019-CM I. 2024 സെപ്റ്റംബർ 6.

വിഷയം:—വ്യവസായം—സഹകരണം—നിലമ്പൂർ പട്ടികജാതി ഹോളോബ്രിക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 91, ചന്തക്കുന്ന് പി. ഒ.—സംഘം സമാപ്തീകരണത്തിനായി ലികിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—18-3-2024-ലെ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)1-ന്റെ JCI(HQ)1-Edkra 65 Eqry/2023 നമ്പർ വകുപ്പ് 65 അന്വേഷണ റിപ്പോർട്ട്.

വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ 31-12-1996-ൽ രജിസ്റ്റർ ചെയ്തതും ദീർഘനാളായി പ്രവർത്തന രഹിതവുമായ നിലമ്പൂർ പട്ടികജാതി ഹോളോബ്രിക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 91, ചന്തക്കുന്ന് പി. ഒ. എന്ന സംഘത്തിന്റെ പുനഃരുദ്ധാരണ സാദ്ധ്യതകൾ വിലയിരുത്താനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ സംഘം തുടർന്ന് പ്രവർത്തനം നടത്തി മുന്നോട്ട് പോകുന്നതിന് യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്തതിനാൽ മേൽപറഞ്ഞ സംഘം സമാപ്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥനായ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)I ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ നിലമ്പൂർ പട്ടികജാതി ഹോളോബ്രിക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 91, ചന്തക്കുന്ന് പി. ഒ. എന്ന സംഘം തുടർന്ന് പ്രവർത്തനം നടത്തി മുന്നോട്ട് പോകുന്നതിനും പുനഃരുദ്ധാരണത്തിനും യാതൊരുവിധ സാദ്ധ്യതയും നിലനിൽക്കുന്നില്ല എന്ന കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ പട്ടികജാതി ഹോളോബ്രിക്സ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 91, ചന്തക്കുന്ന് പി. ഒ. എന്ന സംഘം കേരള സഹകരണ നിയമം 1969 വകുപ്പ് 71 (2) പ്രകാരം സമാപ്തീകരിക്കുന്നതിനായി (Liquidation) ഇതിനാൽ ഉത്തരവാകുന്നു.

സംഘം സമാപ്തീകരണ നടപടികൾ സ്വീകരിക്കുന്നതിന് ലികിഡേറ്ററായി ജൂനിയർ സഹകരണ ഇൻസ്പെക്ടർ HQ-I ശ്രീമതി സറീന, കെ. സി.-യെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ലികിഡേറ്റർ സംഘത്തിന്റെ ആസ്തികളും ബാധ്യതകളും റിക്കാർഡുകളും ഉടനടി കൈപ്പറ്റി സംഘം ചുമതല ഏറ്റെടുക്കേണ്ടതും ആയതിന്റെ റിപ്പോർട്ടും സംഘത്തിന്റെ ആസ്തി ബാദ്ധ്യത സ്റ്റേറ്റ്മെന്റ് എന്നിവ തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. കൂടാതെ സമാപ്തീകരണ നടപടികളുടെ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്. ഈ ഉത്തരവിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷ കാലയളവായിരിക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3)

നമ്പർ DICMPM/2067/2019-CM I. 2024 സെപ്റ്റംബർ 19.

വിഷയം:—വ്യവസായം—സഹകരണം—ഏറനാട് SC/ST പ്രിന്റിംഗ് ആന്റ് ബുക്ക് ബൈന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 130, മഞ്ചേരി പി. ഒ.—സമാപ്തീകരണത്തിന് ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നത്—സംബന്ധിച്ച്.

പരാമർശം:—16-3-2024-ലെ JCI(HQ)1-Er Prtg 65 Eqry/2023 നമ്പർ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)1-ന്റെ വകുപ്പ് 65 അന്വേഷണ റിപ്പോർട്ട്.

വ്യവസായ വകുപ്പിന് കീഴിൽ മലപ്പുറം ജില്ലയിൽ 29-3-2000 തീയതി രജിസ്റ്റർ ചെയ്തതും നിലവിൽ ദീർഘനാളായി പ്രവർത്തനരഹിതവുമായ ഏറനാട് SC/ST പ്രിന്റിംഗ് ആന്റ് ബുക്ക് ബൈന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 130, മഞ്ചേരി പി. ഒ. എന്ന സംഘത്തിന്റെ പുനരുദ്ധാരണ സാദ്ധ്യതകൾ വിലയിരുത്താനായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് പരാമർശം പ്രകാരം ലഭ്യമായിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ മേൽപറഞ്ഞ സംഘം സമാപ്തീകരിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥനായ ജൂനിയർ സഹകരണ ഇൻസ്പെക്ടർ (HQ)1 ശുപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

ഉത്തരവ്

മേൽപറഞ്ഞ സാഹചര്യത്തിൽ, ഏറനാട് SC/ST പ്രിന്റിംഗ് ആന്റ് ബുക്ക് ബൈന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 130, മഞ്ചേരി പി. ഒ. എന്ന സംഘത്തിന്റെ പുനരുദ്ധാരണ സാധ്യത നിലനിൽക്കുന്നില്ല എന്ന കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏറനാട് SC/ST പ്രിന്റിംഗ് ആന്റ് ബുക്ക് ബൈന്റിംഗ് വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ SIND (M) 130, മഞ്ചേരി പി. ഒ. എന്ന സംഘത്തെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71(2) പ്രകാരം സമാപ്തീകരണത്തിനായി (Liquidation) ഇതിനാൽ ഉത്തരവാകുന്നു.

സംഘം സമാപ്തീകരണവുമായി ബന്ധപ്പെട്ട് ജൂനിയർ സഹകരണ ഇൻസ്പെക്ടർ HQ-1 ശ്രീമതി സറീന, കെ. സി.-യെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് (72) പ്രകാരം ലിക്വിഡേറ്ററായി ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

സംഘം ലിക്വിഡേറ്റർ സംഘത്തിന്റെ ആസ്തികളും ബാധ്യതകളും റിക്കാർഡുകളും ഉടനടി കൈപ്പറ്റി ചുമതല ഏറ്റെടുക്കേണ്ടതും, ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. കൂടാതെ സംഘം സമാപ്തീകരണവുമായി ബന്ധപ്പെട്ട നടപടികളുടെ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. ഈ ഉത്തരവിന്റെ കാലാവധി ഉത്തരവ് തീയതി മുതൽ മൂന്ന് വർഷ കാലയളവായിരിക്കും.

ജില്ലാ വ്യവസായ കേന്ദ്രം, (ഒപ്പ്)
മലപ്പുറം. ജനറൽ മാനേജർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.10.01 03:42:32 +05:30